No. 189

JANUARY 2005

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 189 JANUARY 2005

EDITORIAL BOARD

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
N.Rajan
Soman Nadar
Dr. T.A.Sudhakarakurup
Kavumbai Balakrishnan
Dr. C. Unnikrishnan
Anil Vallathol

# inside

No.
# 189

**infocus**
Bill on Minority Educational Institutions
*Thomas Joseph*

തലമറന്ന് എണ്ണ തേയ്ക്കുന്ന യു. പി. എ. സർക്കാർ
എ. പ്രതാപചന്ദ്രൻനായർ

•

സുനാമി വിതച്ച് 2004 വിട പറഞ്ഞു
എം. എസ്. വസന്തകുമാർ

•

ജീവിതം നോവുമ്പോൾ ആത്മാവും
എം. എസ്. വസന്തകുമാർ

•

Examination Reforms
Dr. Rajan Varughese

•

Retreat of the state from Health Care
Dr. Varughese George

•

Excessive Pesticides in Cardamom Estates
Dr. Jomy Augustine & Johnykutty . J

- Editorial • Economic Focus
- ജില്ലാവാർത്തകൾ
- സമരപഥങ്ങൾ • ശാസ്ത്രജാലകം
- സർവീസ് പംക്തി
- ജഡ്ജ്മെൻറ് • സർക്കാർ ഉത്തരവുകൾ

visit www.akpcta.org

**എഡിറ്റോറിയൽ**

# ഓർഡിനൻസ് ജനാധിപത്യവിരുദ്ധം സ്വേച്ഛാപരം

വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഓശാന പാടാൻ തയ്യാറാകാത്ത കേരള, കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റുകൾ പിരിച്ചുവിടാൻ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു. സന്ദർഭത്തിൽ

വിവിധ മേഖലകളെ പ്രതിനിധാനം ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നവരുൾപ്പെടുന്ന ഭരണ സമിതികളാണ് ഈ രണ്ടു സർവകലാശാലകളിലും ഉണ്ടായിരുന്നത്. പുതിയ ഭരണസമിതികൾ തെരഞ്ഞെടുക്കപ്പെടുന്നതുവരെ നിയമാനുസൃതം കാലാവധി ഉണ്ടായിരുന്നിട്ടും കാലാവധി കഴിഞ്ഞുവെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പിരിച്ചുവിട്ടിരിക്കുന്നത്. അതേസമയം, ഓഫ് ക്യാമ്പസ്, ഓഫ് ഷോർ കമ്പനി പണികൾക്കും അൺ എയ്ഡഡ് കച്ചവടത്തിനും പേരുകേട്ട സർവകലാശാല ഭരണസമിതികളെ യു. ഡി. എഫ്. നോമിനേറ്റ് ചെയ്യപ്പെട്ടവരാകയാൽ നിർബാധം തുടരാൻ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്.

മുഖ്യമന്ത്രി മുൻകൈ എടുത്താണ് ഓർഡിനൻസ് കൊണ്ടുവന്നതെന്നറിയാൻ കഴിഞ്ഞത്. ഓർഡിനൻസിന് മന്ത്രിസഭ അംഗീകാരം നല്കിയ വിവരം ക്യാബിനറ്റ് ബ്രീഫിംഗിൽ ഒളിച്ചുവച്ച മുഖ്യമന്ത്രി അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജനപ്രതിനിധികളുടേയും എതിർപ്പ് അവഗണിക്കാൻ ഗവർണറിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ജനാധിപത്യ വിരുദ്ധവും നിയമവിരുദ്ധവുമായ ഓർഡിനൻസിന് തുല്യം ചാർത്തിക്കൊടുക്കരുതെന്ന് ആവശ്യപ്പെട്ട് സർവകലാശാലകളുടെ ചാൻസിലർ കൂടിയായ ഗവർണർക്ക് എ. കെ. പി. സി. ടി. എ നിവേദനം നല്കിയിരുന്നു. കേരള, കാലിക്കറ്റ്, കണ്ണൂർ സെനറ്റുകളിലേക്ക് ആരംഭിച്ച തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാനും ജനാധിപത്യപരമായി സർവകലാശാലാ സമിതികൾ പുനഃസംഘടിപ്പിക്കുന്നത് തടയാനും പാർശ്വവർത്തികളെ നോമിനേറ്റ് ചെയ്തുകൊണ്ട് യൂണിവേഴ്സിറ്റി ഭരണം പിൻവാതിലിലൂടെ പിടിച്ചെടുക്കാനുമാണ് ഓർഡിനൻസ് ലക്ഷ്യമിടുന്നതെന്ന് നാം നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ, ഉമ്മൻചാണ്ടിയുടെ മനമറിഞ്ഞ് തിടുക്കത്തിൽ ഗവർണർ ഓർഡിനൻസിൽ ഒപ്പുവച്ചു. സർവകലാശാലകളുടെ ജനാധിപത്യസ്വഭാവത്തെയും അക്കാദമിക് താല്പര്യങ്ങളെയും സംരക്ഷിക്കാൻ ബാധ്യസ്ഥനായ ചാൻസിലർ കൂടിയായ ഗവർണർ തന്റെ ഈ നടപടിയിലൂടെ ആ പദവിക്ക് കളങ്കം ചാർത്തിയിരിക്കുകയാണ്.

ജനാധിപത്യ സംവിധാനങ്ങളെ വെല്ലുവിളിക്കുകയും അക്കാദമിക് താല്പര്യങ്ങളെ ഹനിക്കുകയും ചെയ്യുന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ ഓർഡിനൻസിനെതിരെ വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള എല്ലാവരും മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

വായനക്കാർക്ക്

2005

എ.കെ.പി.സി.ടി.എയുടെ നവവത്സരാശംസകൾ

# തലമറന്ന് എണ്ണ തേയ്ക്കുന്ന യു.പി.എ സർക്കാർ

**എ. പ്രതാപചന്ദ്രൻനായർ**
*ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ*

കമ്പോളവൽക്കരണത്തിനും വർഗീയവൽക്കരണത്തിനും എതിരെ ഇന്ത്യൻ ജനത ഒററക്കെട്ടായി വിധിയെഴുതിയതിന്റെ പശ്ചാത്തലത്തിലാണ് ബി. ജെ. പി. യുടെ നേതൃത്വത്തിലുള്ള എൻ. ഡി. എ സർക്കാർ അധികാരത്തിൽ നിന്ന് ഇറങ്ങേണ്ടി വന്നതും കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു. പി. എ സർക്കാർ അധികാരത്തിലേറിയതും. എന്നാൽ അധികാരത്തിലേറി ആറുമാസം തികയുമ്പോൾ തന്നെ , തിരഞ്ഞെടുപ്പിന്റെ പാഠങ്ങൾ ഒന്നൊന്നായി മറക്കുകയാണ് ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യു. പി. എ സർക്കാർ. പൊതുമിനിമം പരിപാടിയിലെ ജനോപകാരപ്രദമായ പദ്ധതികളിൽ വെള്ളം ചേർത്തും നടപ്പാക്കുന്നതിൽ കാലവിളംബം വരുത്തിയും ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളിൽ നിന്നും പിന്നോക്കം പോകുന്ന സർക്കാർ, മിനിമം പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കമ്പോള അജണ്ടകൾ അത്യുത്സാഹത്തോടെ നടപ്പാക്കി കൊണ്ട്, ജനവിരുദ്ധ നയങ്ങൾ നടപ്പാക്കുന്നതിൽ തങ്ങൾ എൻ. ഡി. എ സർക്കാരിനെക്കാൾ ഒട്ടും പിന്നിലല്ല എന്നു തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കമ്പോള നിയന്ത്രണത്തിനു വിട്ടുകൊടുത്തത്, ഒരു ഉദാഹരണം മാത്രം. പാചക വാതകത്തിന് മാസംതോറും അഞ്ചുരൂപ വില വർദ്ധിപ്പിച്ചുകൊണ്ട് സബ്സിഡി രഹിത സംവിധാനത്തിലേയ്ക്ക് മാറാനുള്ള തീരുമാനം തൽക്കാലത്തേക്കെങ്കിലും മരവിപ്പിക്കാൻ ഇടതു പക്ഷത്തിന്റെ ശക്തമായ സമ്മർദ്ദം വേണ്ടിവന്നു. പൊതുമിനിമം പരിപാടിയിലെ ഏററവും പ്രധാനപ്പെട്ട വാഗ്ദാനങ്ങളിലൊന്നായിരുന്നു എല്ലാവർക്കും തൊഴിൽ ഉറപ്പുവരുത്തുമെന്നുള്ളത്. പദ്ധതി ഇപ്പോൾ ഏതാനും ജില്ലകളിലേയ്ക്കു മാത്രമായി വെട്ടിച്ചുരിക്കിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട്, പാർലമെന്റിൽ അവതരിപ്പിച്ച ബില്ലിൽ ഒട്ടേറെ ന്യൂനതകൾ ഉണ്ട്. രാജ്യമൊട്ടാകെ പദ്ധതി സമയബന്ധിതമായി വ്യാപിപ്പിക്കാൻ ബില്ലിൽ വ്യവസ്ഥയില്ല. മിനിമം വേതനം ഉറപ്പാക്കുമെന്നോ, പദ്ധതി ചിലവുമുഴുവൻ കേന്ദ്രം വഹിക്കുമെന്നോ വ്യവസ്ഥ ചെയ്യാത്തിടത്തോളം കാലം ജനങ്ങൾക്കു നൽകിയ വാഗ്ദാനം ജലരേഖയായി മാറാനാണു സാദ്ധ്യത. ലോക വ്യാപാര സംഘടനയുടെ താത്പര്യങ്ങൾക്കു വഴങ്ങി പുതിയ പേററന്റ് നിയമം പുറത്തിറക്കിയിരിക്കുന്നു. അതും ഓർഡിനൻസിന്റെ രൂപത്തിൽ! ജനജീവിതത്തെ സാരമായി ബാധിക്കുന്ന നിയമം പാർലമെന്റിൽ ചർച്ചചെയ്തു പാസ്സാക്കാനുള്ള സാമാന്യ മര്യാദപോലും സർക്കാർ കാണിച്ചില്ല. നിലവിലുള്ള പ്രക്രിയാപേററന്റിനു പകരം ഉൽപ്പന്നപേററന്റ് സമ്പ്രദായം ഏർപ്പെടുത്തുന്ന പുതിയ സമ്പ്രദായം ഏർപ്പെടുത്തുന്ന പുതിയ നിയമം ജീവൻ രക്ഷാമരുന്നുകൾക്കുൾപ്പടെ എല്ലാ ഔഷധങ്ങൾക്കും വമ്പിച്ച വിലവർദ്ധന സൃഷ്ടിക്കും. ലോകരാജ്യങ്ങളിൽ തന്നെ, മരുന്നുകൾക്ക് ഏററവും വിലക്കുറവുള്ള രാജ്യങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. മരുന്നുവില അനിയന്ത്രിതമായി കുതിച്ചുയരുന്നതോടു കൂടി ഇടത്തരക്കാർക്കുപോലും ആരോഗ്യ സംരക്ഷണം ഒരു ആഡംബരമായി മാറും.

സമരം ചെയ്യാനുള്ള അവകാശം സംരക്ഷിക്കുമെന്നുള്ള പൊതു മിനിമം പരിപാടിയിലെ വാഗ്ദാനം ഇനിയും നിറവേററിയിട്ടില്ല. സ്ത്രീകൾക്ക് സംസ്ഥാന നിയമസഭകളിലും പാർലമെന്റിലും 1/3 പ്രാതിനിധ്യം നൽകുന്നതിനുള്ള നിയമനിർമ്മാണവും സർക്കാരിന്റെ അടിയന്തിര അജണ്ടയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സ്വാശ്രയ പ്രൊഫഷണൽ മേഖലയിലെ അഡ്മിഷനും ഫീസും നിയന്ത്രിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ചിരിക്കുന്ന സംസ്ഥാന മന്ത്രിമാരുടേയും സെക്രട്ടറിമാരുടെയും യോഗത്തിന്റെ പരിഗണനയ്ക്കായി നൽകിയിരിക്കുന്ന കുറിപ്പിൽ വിദ്യാഭ്യാസ രംഗത്തെ വിദേശ നിക്ഷേപ സാദ്ധ്യതയെക്കുറിച്ച് സമഗ്രമായി വിലയിരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു!

ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്ര യൂണിവേഴ്സിററികളുമായി അഫിലിയേററു ചെയ്യാൻ അധികാരം നൽകുന്ന കേന്ദ്ര നിയമത്തെ വിലയിരുത്തേണ്ടത്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രയൂണിവേഴ്സിററികളുമായി അഫിലിയേററു ചെയ്യാമെന്ന് വ്യവസ്ഥയുണ്ടാക്കുമെന്നായിരുന്നു പൊതു മിനിമംപരിപാടിയിലെ വാഗ്ദാനം. പ്രൊഫഷണൽ- നോൺ പ്രൊഫഷണൽ വ്യത്യാസമില്ലാതെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും അഫിലിയേററു ചെയ്യാനാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ന്യൂനപക്ഷ 'സമുദായത്തിനു' നൽകുമെന്നു പറഞ്ഞിരുന്ന അവകാശം ന്യൂനപക്ഷത്തിലെ 'വ്യക്തികൾക്കും' 'ഗ്രൂപ്പുകൾക്കും' നൽകിയിരിക്കുന്നു. സംസ്ഥാനതലത്തിൽ ന്യൂനപക്ഷങ്ങളെ പുനർ നിർണ്ണയിക്കണമെന്ന സുപ്രീം കോടതി വിധിമറന്നു കൊണ്ട് കേന്ദ്രഗവൺമെന്റ് 'നോട്ടിഫൈ' ചെയ്യുന്ന ഏതു സമുദായത്തെയും ന്യൂനപക്ഷമായി കണക്കാക്കുമെന്നും പറഞ്ഞിരിക്കുന്നു. കേന്ദ്ര യൂണിവേഴ്സിററികളുടെ നിർവചനത്തിൻ കച്ചവട അടിസ്ഥാനത്തിൽ കോഴ്സുകൾ നടത്തുന്ന 'കൽപിത സർവകലാശാലകളെയും' ഉൾപെടുത്തിയിരിക്കുന്നു. സാമൂഹ്യനീതി ഉറപ്പാക്കാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന നിയമം തന്നെ ഏററവും നീതിരഹിതമായ ചൂഷണ സമ്പ്രദായത്തിനു സംരക്ഷണം നൽകുന്ന നിയമമായി മാററിമറിക്കപ്പെട്ടിരിക്കുന്നു. ന്യൂനപക്ഷത്തിലെ ചെറിയ ന്യൂനപക്ഷത്തിനു മാത്രമെ ബിൽ പ്രയോജനം ചെയ്യൂ. കോരനു കഞ്ഞി വീണ്ടും കുമ്പിളിൽ തന്നെ. തലമറന്നുള്ള ഈ എണ്ണ തേപ്പ് ജനങ്ങൾ എത്രനാൾ സഹിക്കും?



## ദുരന്തത്തിൽ പെട്ടവർക്ക് സഹായമെത്തിക്കുക

കടലാക്രമണ ദുരിതത്തിൽ പെട്ടവർക്ക് ആശ്വാസം പകരുന്ന പ്രവർത്തനങ്ങളിൽ എ.കെ.പി.സി.ടി.എ അംഗങ്ങൾ പരമാവധി പങ്കാളിത്തം വഹിക്കണമെന്നും ഒരു ദിവസത്തിൽ കുറയാത്ത ശമ്പളം ദുരിതാശ്വാസ ഫണ്ടിലേക്ക് നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

എ. പ്രതാപചന്ദ്രൻ നായർ, ജനറൽ സെക്രട്ടറി. എ.കെ.പി.സി.ടി.എ

# എ.കെ.പി.സി.ടി.എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ, 2005 ജനുവരി 1

### സംസ്ഥാന സമ്മേളനം

47-ാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യമായി **എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം** ("Quality Education For All") അംഗീകരിച്ചു. ഇക്കൊല്ലത്തെ സമ്മേളനത്തിന് ലോഗോ ഉണ്ടാകണം. അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലോഗോകൾ ക്ഷണിക്കാൻ തീരുമാനിച്ചു. സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്ന സാഹിത്യമത്സരത്തിന്റെ ചുമതല സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ: എം.പി. വിജയലക്ഷ്മിക്കായിരിക്കും. ലേഖനത്തിന്റെ വിഷയം: 'എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം'. കഥയ്ക്കും കവിതയ്ക്കും പ്രത്യേക വിഷയം നൽകുന്നില്ല. State Returing Officer ആയി പ്രൊഫ: കെ.കെ. ചാക്കോയെയും State Auditor ആയി പ്രൊഫ: വി.കെ. സുധാകരനേയും നിശ്ചയിച്ചു. തെരഞ്ഞെടുപ്പ് ഷെഡ്യൂൾ അംഗീകരിച്ചു. സംഘടനാ പ്രവർത്തന റിപ്പോർട്ടും കരട് പ്രമേയങ്ങളും മാർച്ച് ആദ്യവാരത്തിൽ ബ്രാഞ്ചുകൾക്ക് അയച്ചുകൊടുക്കും. സമ്മേളനചെലവിലേക്കായി ഓരോ അംഗവും 150 രൂപ വീതം നൽകണം. പാലക്കാട് ടൗൺഹാൾ ആണ് സമ്മേളന വേദി. ജനുവരി അവസാന വാരത്തിൽ സ്വാഗത സംഘ രൂപീകരണയോഗം നടത്തുന്നതാണ്.

### അൺഎയ്ഡഡ് കോഴ്സുകൾക്കെതിരെ

അൺഎയ്ഡഡ് കോഴ്സുകളുള്ള എയ്ഡഡ് കോളേജുകളിൽ ജനുവരി 13 ന് നിശ്ചയിച്ചിട്ടുള്ള ധർണാ സമരം വിജയിപ്പിക്കാനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. ജില്ലാ കൺവൻഷനുകൾ ശ്രദ്ധേയമാക്കണം. എല്ലാ സംസ്ഥാന കമ്മിറ്റി അംഗങ്ങളുടേയും സാന്നിദ്ധ്യം സമരകേന്ദ്രങ്ങളിൽ ഉണ്ടാകണമെന്ന് തീരുമാനിച്ചു. മറ്റു കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകരുടെ സഹകരണം തേടേണ്ടതാണ്.

### സെനറ്റ് ഇലക്ഷൻ

കോഴിക്കോട് സർവകലാശാലയിലെ ഇലക്ഷൻ ഷെഡ്യൂൾ മാറ്റാൻ സാദ്ധ്യതയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ സെനറ്റ് ഇലക്ഷന്റെ തുടർകാര്യങ്ങൾ ചർച്ച ചെയ്യുന്നത് മാറ്റി വച്ചു.

കണ്ണൂർ സർവകലാശാലയിൽ താഴെപറയുന്നവരെ നമ്മുടെ സ്ഥാനാർത്ഥികളായി നിർണ്ണയിച്ചു.

1. പി.വി. രവീന്ദ്രൻ, സർ സെയ്ദ് കോളേജ്, തളിപ്പറമ്പ്
2. വത്സല കുര്യാക്കോസ്, നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്
3. സി. ചന്ദ്രൻ, എസ്.ഇ.എസ്. കോളേജ്, ശ്രീകണ്ഠാപുരം
4. സി.ആർ. ലളിത, എസ്.എൻ. കോളേജ്, കണ്ണൂർ
5. എ. മോഹനൻ, എൻ.എ.എസ്. കോളേജ്, കാഞ്ഞങ്ങാട്
6. എം.പി. യൂസഫ്, എൻ.എ.എം. കോളേജ്, കല്ലിക്കണ്ടി
7. കെ. പ്രദീപ്കുമാർ, പി.ആർ.എൻ.എസ്.എസ്. കോളേജ്, മട്ടന്നൂർ
8. കെ.സി. പത്മജ, പയ്യന്നൂർ കോളേജ്, പയ്യന്നൂർ

### ബിൽഡിംഗ് ഫണ്ട്

സംസ്ഥാന കമ്മിറ്റി ഓഫീസിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും ഫണ്ടിന്റെ സ്ഥിതിയും ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു. ജില്ലകളിൽ നടക്കുന്ന ഫണ്ടു സമാഹരണത്തിന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തു. ജനുവരി മാസത്തിൽ നടക്കുന്ന ജില്ലാ കൺവൻഷനുകളിൽ/കൗൺസിലുകളിൽ മുഴുവൻ തുകയും ലഭിക്കുന്നില്ലെങ്കിൽ ജില്ലാകമ്മിറ്റി കോളേജുകൾ വിസിറ്റ് ചെയ്ത് ബാക്കിയുള്ള തുക ശേഖരിക്കണം.

### ഐഫക്ടോ

ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിച്ചു കിട്ടുന്നതിനും പിന്തിരിപ്പൻ വിദ്യാഭ്യാസനയം തിരുത്തിക്കിട്ടുന്നതിനും വേണ്ടി ഡിസംബർ 6 ന് യുജിസിയുടെ മുന്നിൽ നിന്നും പാർലമെന്റിലേക്ക് നടത്തിയ മാർച്ചിലും, പണിമുടക്ക് അവകാശത്തിന് നിയമ നിർമ്മാണം ആവശ്യപ്പെട്ടുകൊണ്ട് ഡിസംബർ 7 ന് രാംലീലാ മൈതാനത്തിൽ നിന്നും പാർലമെന്റിലേക്ക് നടത്തിയ മാർച്ചിലും നമ്മുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഡിസംബർ 9, 10 തീയതികളിൽ കേന്ദ്ര മാനവ ശേഷി വികസന മന്ത്രിയുമായും ഉദ്യോഗസ്ഥന്മാരുമായും ഐഫക്ടോ സെക്രട്ടറിയേറ്റ് നടത്തിയ ചർച്ചയിൽ സെക്രട്ടറിയേറ്റ് അംഗമെന്ന നിലയിൽ എ.കെ.പി.സി.ടി.എ പ്രസിഡന്റ് പങ്കെടുത്തിരുന്നു. കൂടാതെ, ഡിസംബർ 6 ന് യുജി.സി ഓഫീസിൽ വൈസ് ചെയർമാനുമായി എ.കെ.പി.സി.ടി.എ-എ.കെ.ജി.സി.ടി ഭാരവാഹികൾ ചർച്ച നടത്തുകയുണ്ടായി. ഐഫക്ടോയുടെ അടുത്ത NEC ജനുവരി 22 ന് ഭുവനേശ്വറിൽ നടക്കുന്നു. 23 ന് World Federation of Teacher's Unions (FISE) ന്റെ ഇന്റർനാഷണൽ സെമിനാറും ഉണ്ട്. രണ്ടിലും പ്രസിഡന്റും ജനറൽ സെക്രട്ടറിയും പങ്കെടുക്കും.

### സർവകലാശാലാ പരീക്ഷകൾ

ഉത്തരക്കടലാസുകളുടെ മൂല്യനിർണയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്തു. നിയമപരമായി സഹകരിക്കാൻ പറ്റുന്ന രീതിയിൽ മാത്രം സഹകരിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

# Bill on minority educational institutions unconstitutional & inequitable

Thomas Joseph
President,AKPCTA

The Common Minimum Programme (CMP) of the United Progressive Alliance (UPA) Government contained a promise to "establish a Commission for Minority Educational Institutions that will provide direct affiliation for minority professional institutions to Central Universities". Apparently to fulfill the promise, the Central Government issued on the 11th of November, 2004 "an Ordinance to constitute a National Commission for Minority Educational Institutions and to provide for matters connected therewith or incidental thereto". The ordinance was laid in the Parliament on the 7th of December for its approval. The Bill was approved by both houses of the Parliament in the winter session itself, with out much discussion through voice vote. Besides admitting that the bill was far from being a perfect solution to the genuine problems faced by minority educational institutions, the only concession the HRD Minister was willing to make to address the stray voices of dissent within and outside the parliament was to bring in an official amendment which makes it mandatory for the central government to "consult" the state governments concerned before implementing the provisions of the bill. But the concession has little substance as the central government has overriding powers in subjects coming under the concurrent list.

It might well be asked as to why it was so urgent to bring an ordinance on the subject in the first place and pass it in haste in the parliament ignoring the demand by

the Left, which supports the minority UPA Government from the outside and which is no less committed to the welfare of minorities than the Government itself, for wider consultations. The minority educational institutions cannot be said to be facing any grave, immediate threat which could have justified such urgent legislative intervention. In fact, more urgent legislations like the one relating to admission and fees in professional educational institutions have been kept on the back burner for "wider consultations". A simple anxiety to fulfill a promise made in the CMP, as claimed by the HRD Minister, is too simplistic an explanation to carry any conviction in the above context. A closer look at the bill will bring out that there were "other compulsions" on the Government for bringing out an ordinance and rushing through its passage in the parliament. There was in fact a conspiracy to avoid larger consultations as the Government knew that it would not be able to justify the provisions of the bill politically or legally or with reference to the specific objectives sought to be achived through the bill.

As the Bill stands at present, the Government has made commitments beyond the limits of the promises made in the CMP. The bill includes within its ambit not only professional educational institutions as promised in the CMP, but all minority colleges, thereby considerably enlarging the coverage of the bill beyond the confines of the promises made in the CMP. Moreover, the bill, without openly stating it in so many words, also seeks to nullify the ruling given by the Supreme Court of India in the TMA PAI Judgment that minorities have to be identified afresh state-wise. The bill empowers the Central Government to notify any community which it deems fit as minority community, irrespective of its numerical strength or socio-economic status in a particular state. Thus, for example, Sikhs, who constitute a majority in Panjab, could be designated as a minority community in that state, overlooking the judgments of various courts in this regard. The bill could also undermine the ruling in the TMA PAI judgment that minority rights are equitable rights and that special rights are conferred on minorities only to set off any disadvantages they might suffer vis-à-vis majority community so as to place minorities on an equal footing with the majority community. The import of the ordinance is such that special privileges could be claimed by the minority communities merely on account of being designated as minorities, without any reference to any disability the communities might suffer vis-a-vis the majority community. Thus the so called minorities in Kerala, who constitute about 45 % of the population and own about 75% of the educational institutions in the state, could claim special privileges under the bill, if they are designated as minorities by the Central Government. The fact that no minority community has so far publicly demanded the nullification of the Supreme Court directive for state-wise identification of minorities and definition of minority right as equitable right, speak volumes on the absence of transparency in the Central Government's anxiety to nullify these two important rulings in the TMA PAI verdict.

While the CMP promises only to protect the interests of minority communities, the bill actually seeks to confer special privileges not on minority communities as such, but on "individuals" and "groups" within the communities designated as minorities by the Central Government. This is done by

defining the minority college as an institution "established or maintained by a person or a group of persons from amongst a minority community". The constitutional rights given to minority communities is thus sought to be distributed among individuals and groups within the minority communities. Equating individuals and groups with the community is clearly unconstitutional. The untrammeled powers conferred on individuals and groups within the minority communities through the bill are beyond the scope of the special privileges conferred on minorities in the Constitution. This is clearly intended to satisfy the vested interests of a wealthy, influential, microscopic minority within the minority communities, who could now appropriate all the privileges for themselves to the detriment of the genuine interests of the vast majority within the minority communities. In the name of serving the minorities, the Government is actually catering to the unconscionable demands of an influential and well-to-do-section within the minority communities.

The broad definition given to universities in the bill includes within its ambit even Deemed Universities, many of which are for-profit private universities. This could eventually lead to many minority institutions seeking affiliation with Private Universities, thereby promoting commercialization of education. Though only six Central Universities have now been included in the schedule, the bill empowers the Government of India to include any number of universities in the schedule later. This virtually gives every individual in a minority community the right to establish colleges of his choice and to affiliate them to any university, including his own. As a matter of fact, many minority groups have already established Private Universities in Chattesgargh, availing the opportunity provided by the Congress Government under Ajit Jogi to establish universities through the simple device of issuing gazette notifications. Many universities thus established could now find a place in the schedule and qualify themselves for untrammeled privileges. The right of minority educational institutions to affiliate themselves to universities of their choice would also interfere with the territorial jurisdiction of existing universities and undermine the federal principles of state policy. This will also accelerate the process of deregulation that has already been set in motion to prepare the way for the General Agreement for Trade in Services (GATS) which is expected to become operational by June ,2005. The international business houses in Higher Education would find it more convenient to enter into exploitative

**The minority educational institutions cannot be said to be facing any grave, immediate threat which could have justified such urgent legislative intervention. In fact a conspiracy to avoid larger consultations as the Government knew that it would not be able to justify the provisions of the bill politically or legally or with reference to the specific objectives sought to be achived through the bill.**

twinning agreements with individual colleges rather than well established universities with proper rules and regulations for their governance and democratically elected apex bodies to direct and monitor their overall functioning .

The constitution of the Minority Commission is such that only members of the minority community can be appointed as chairman/member of the Commission. The implicit assumption that only members of the minority community can look after the interests of the minorities is an affront to the secular credentials of the vast majority of the people and is against the secular spirit of the Constitution. Minority rights in India are not religious rights, but secular rights under a secular Constitution. Protection of minority rights is an article of faith for all secular minded people. It is worth remembering in this context that many minority institutions and groups did not even care to raise a whimper of protest against the pogrom when it occurred in Gujarat under Narendra Modi. Most of the institutions and groups which profess to protect minorities preferred to look the other way when Gujarat was burning.

The Minority Commission is invested with extraordinary powers. It has not only advisory powers but also vast executive and judicial powers. The powers conferred on it to make binding decisions on disputes arising between universities and affiliated institutions would make a mockery of the concept of autonomy of universities. It is not difficult to see that the Commission would in most cases support the minority institutions in their quarrels against the universities. Such interference with the regulatory powers of a university would virtually make it a prisoner of the affiliated institutions, thereby reversing the existing roles of universities and affiliating institutions. A situation will come when the minority colleges would start dictating terms to the universities. The above provisions would also make considerable inroads into the federal principles of the Constitution. The states would lose their power to regulate minority educational institutions, thereby bringing into existence a situation in which the minority institutions could become a law unto themselves.

In states like Kerala where a majority of the educational institutions are owned by so called minorities, the existing Universities could become redundant. Most of the colleges are likely to disaffiliate themselves from the universities to which they are now affiliated, so that they could seek affiliation with private universities, which would give them the opportunity to trade in education. Those minority aided educational institutions which are operated by money-minded managements are also likely to exploit the new scenario to promote their commercial interests. Such institutions might

**This bill is clearly intended to satisfy the vested interests of a wealthy, influential, microscopic minority within the minority communities, who could now appropriate all the privileges for themselves to the detriment of the genuine interests of the vast majority within the minority communities.**

seek disaffiliation from the state universities, so that they could free themselves from the controls of the state and the universities concerned and affiliate themselves to distant universities of their choice, which could even be private universities. Such a university will have little interest in regulating affiliated colleges. More over, the distance of such universities from the affiliated institutions would effectively bar any meaningful supervisory intervention by the universities. Aided minority institutions that seek disaffiliation form parent universities could also appropriate public assets accumulated in the institutions, over a long period time, through public contributions. These are not mere conjectures, but immediate possibilities inherent in the bill.

In Kerala, the distinction between aided colleges and unaided colleges has been eroded to a great extent during the last three years. The UDF Government which has permitted starting of unaided courses in aided colleges has allowed such a scenario to come into existence. The present Government in Kerala will only be too happy to permit aided college to disaffiliate themselves from the state universities as it would reduce the Government's financial commitment to that extent. In fact, a progressive reduction of the Government's financial commitment in Higher Education is one the options suggested in the White Paper on State Finances (2001) for resolving the financial crisis which the state is currently undergoing. The ordinance has come in handy both for the money-minded minority managements which are eager to get rid of the existing controls on admission and fees and the State Government which is looking for an opportunity to wash its hands off Higher Education. Under the circumstances even the well-meaning provision that the central government should hold consultations with the state government before implementing the provisions of the bill would only help to give an air of legitimacy to patently wrong policies.

It is now clear that the stated objective of the bill for constituting a Commission for Minority Educational Institutions is only a camouflage for covering up the ulterior objective of appeasing the minority vote bank controlled by vested individuals and groups within the minorities. While the establishment of a Commission which could look into the educational problems of minorities is understandable, conferring unlimited powers on influential individuals and groups within minority communities under the cover of constituting a Commission for the welfare of minorities needs not only to be exposed, but also effectively countered as the bill would not serve either the specific interests of the majority with in the minority communities or the larger interests of equity and excellence in higher education.

**The international business houses in Higher Education would find it more convenient to enter into exploitative twinning agreements with individual colleges rather than well established universities with proper rules and regulations for their governance and democratically elected apex bodies to direct and monitor their overall functioning.**

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

Round West, Thrissur-680 001 Phone:0487-2335292, 2335570
E-mail:cosmobooks@asianetindia.com

## BRANCHES

Kozhikode
Rly.Station Link Road
Ph:0495-2703487
Fax:0495-2700049
E-mail:cosmoboo@sancharnet.in

Ernakulam
Press club Road
Ph:0494-2353818

# COSMOBOOKS

(SCHOOL DIVISION)
Room No.10/342 B-1, Taj Complex, PM Taj Road,
Kozhikode-673 001, Phone:2724622



**എം.എസ്.വസന്തകുമാർ**
*എസ്. എൻ. കോളജ്, കൊല്ലം*

# സുനാമി വിതച്ച് 2004 വിട പറഞ്ഞു.

### *ഭൗമപ്രതിഭാസങ്ങൾ*

മെക്സിക്കോവിലെ പാരിക്കുലിൻ അഗ്നിപർവ്വതം പിറന്നത് 1943 ഫെബ്രുവരി 20-ാം തിയതി ആയിരുന്നു. അതുവരെ അതിന്റെ സ്ഥാനത്ത് ഒരു സാധാരണ സമതലമായിരുന്നു. ഇപ്പറഞ്ഞ തീയതി രാവിലെ അവിടെ തറ വിറയ്ക്കാൻ തുടങ്ങി. വിള്ളലും കുഴികളും വൈകാതെ ഉണ്ടായി. അടുത്തദിവസം 8 മീററർ പൊക്കമുള്ള ഒരു കൂനയായി മാറി. 5 ദിവസം കഴിഞ്ഞപ്പോൾ അതിന്റെ പൊക്കം 90 മീററർ ആയി. മാർച്ച് മാസത്തിൽ ലാവ വമിക്കുകയും മിനിട്ടിൽ 17 പൊട്ടിത്തെറികൾ നടക്കുകയും ചെയ്തു. ഒരു വർഷം കൊണ്ട് അത് വളർന്ന് 425 മീററർ പൊക്കം വച്ചിരുന്നു. പ്രതിദിനം 40,00,00 ടൺ ലാവ വമിച്ച ആ അഗ്നിപർവ്വതത്തിന്റെ 750 ചതുരശ്ര കിലോമീററർ ചുററളവ് ജനശൂന്യമായിത്തീരുകയും ചെയ്തു.

ഭൂമിയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഞെട്ടലും അത്ഭുതവും കൗതുകവും ഉളവാക്കുന്ന എത്രയെത്ര സംഭവങ്ങളാണ് ഇതുപോലെ. 1923 സെപ്ററംബർ ഒന്നിന് ജപ്പാനിലുണ്ടായ ഭൂകമ്പം ഭയാനകമായിരുന്നു. അവിടുത്തെ യോക്കോഹാമാ എന്ന സ്ഥലവും ജപ്പാന്റെ തലസ്ഥാനമായ ടോക്യോയുടെ നല്ലൊരു ഭാഗവും തകർന്ന് നിരപ്പായി. സമീപസ്ഥമായ സുഗമി ഉൾക്കടൽത്തട്ട് പലേടത്തും അര കിലോമീററററോളം താണു. ഭൂമി കുലുങ്ങുക മാത്രമല്ല തിരകൾ സംഹാരതാണ്ഡവം ആടുകയും തീപിടിത്തമുണ്ടാവുകയും ചെയ്തു. സെക്കന്റുകൾ കൊണ്ട് 5 ലക്ഷം ആളുകൾ മരിച്ചു. അക്കാലത്തെ നൂററമ്പത് കോടിരൂപയുടെ നഷ്ടം കണക്കാക്കപ്പെട്ടു. ആ ഭൂമികുലുക്കം വിതച്ച സുനാമിത്തിരമാലകൾ 27 മീററർ പൊങ്ങുകയും 800 കിലോമീററർ വേഗതയിൽ സഞ്ചരിക്കുകയും ചെയ്തു.

ഭൂകമ്പങ്ങളുടെ പരമ്പര ഭാരതത്തെ നടുക്കിയിട്ടുണ്ട്. കച്ച് (1819), ആസാം (1897), ബീഹാർ (1934), ആസാം (1950) എന്നിവയാണ് കഴിഞ്ഞ രണ്ടു നൂററാണ്ടുകളിൽ ഇന്ത്യയിലുണ്ടായ ഭൂകമ്പങ്ങൾ. 1934 ൽ ജനവരി 15 ന് ഉണ്ടായ ബീഹാർ ഭൂകമ്പം 12000 മനുഷ്യജീവനെടുത്തു. അടുത്തകാലത്ത് ഉണ്ടായ ഗുജറാത്ത് ഭൂകമ്പത്തിന്റെ അലകൾ കെട്ടടങ്ങിയിട്ടില്ല.

'കാലാകാലങ്ങളിൽ' 'മഹാ'പ്രകൃതിയുടെ 'ചെറു'ചലനങ്ങൾ നമ്മെ നടുക്കാറുണ്ട് എന്ന് സാരം. നടുക്കങ്ങൾ നമ്മെ ചിന്തിപ്പിക്കുകയും താത്ക്കാലികമായി ജാഗരൂകരാക്കുകയും ചെയ്യാറുണ്ട്. പിന്നെയും നമ്മൾ ജീവിതത്തിന്റെ ഗതാനുഗതികത്വത്തിൽ യാന്ത്രികമായി ഒഴുകിപ്പോവുകയും എല്ലാം മറക്കുകയും ചെയ്യും. ചെറിയ കാര്യങ്ങൾക്ക് വലുപ്പം കല്പിക്കുകയും സങ്കുചിതമായ മത്സരബുദ്ധികൾ നമ്മെ ഗ്രസിച്ച് സ്വഭാവങ്ങളിൽ നവവൈപരീത്യം വരുത്തുകയും ചെയ്യും. ആണവ പരീക്ഷണങ്ങൾ, അണക്കെട്ട് നിർമ്മാണം, കടൽത്തട്ടിലെ മണ്ണ് ഖനനം തുടങ്ങിയ എത്രയെത്ര 'പുരോമുഖ'മായ ചുവടുവയ്പുകൾ നാം നടത്തിപ്പോകും! ചിരകാലം കാത്തുസൂക്ഷിച്ച സാംസ്കാരിക വിശുദ്ധിയുടെ നേർക്ക് കൊഞ്ഞനംകുത്തി വിശാലമായ അധികാരാർത്തി കാണിക്കും! വരിവച്ച്



*ആരാധനയോ? ആരാധിപ്പിക്കലോ?*

നീങ്ങുന്ന എറുമ്പുകളുടെ മേൽ നാഴി വെള്ളമൊഴിച്ചാൽ നിമിഷാർദ്ധം കൊണ്ട് കൂടുവിടുന്ന അവയുടെ പ്രാണന്റെ നിസ്സഹായതയേക്കാൾ പരിതാപകരമാണ് പ്രകൃതിശക്തിക്ക് മുന്നിലുള്ള മനുഷ്യന്റെ അവസ്ഥ. എങ്കിലും വമ്പ് പറയാൻ നമ്മുടെ നേർദിശയിലുള്ള മുന്നേററങ്ങൾ നമുക്ക് ആവേശം പകരുന്നു.

"ചക്രവാളത്തിൻ മതിൽ കെട്ടിന്മേൽ കയ്യുംകുത്തി നിൽക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ!" 1

## സുനാമി വന്നപ്പോൾ

2004ലെ ക്രിസ്തുമസിനടുത്ത ദിവസം പ്രഭാതത്തിലായിരുന്നു സുമാത്രയ്ക്ക് സമീപം കടലിനടിയിലുണ്ടായ ഭൂകമ്പം. ഭൂകമ്പത്തിന്റെ ശാസ്ത്രീയ കാരണം ഭൂമിയുടെ ടെക്ടോണിക് പാളികൾ ചേരുന്നിടത്ത് തിരശ്ചീനമായ (horizontal) ചലനം ഉണ്ടാവുന്നു എന്നതാണ്. തൽഫലമായ സമ്മർദ്ദം 'ഫോൾഡിംഗ്', 'ഫാൾട്ടിംഗ്' എന്നിവയ്ക്ക് കാരണമാകും.

ഫാൾട്ടിംഗ് അല്ലെങ്കിൽ 'ഇരുത്തൽ' സമുദ്രത്തട്ടിൽ സംഭവിക്കുമ്പോൾ ജലം സ്ഥിതി ചെയ്യുന്നിടത്തിന് അളവു വ്യത്യാസവും സംഭവിക്കാം. ഈ സമ്മർദ്ദവും അളവു വ്യത്യാസവും ഞൊടിയിടയിൽ സംഭവിക്കുന്നതിനാൽ അതിന്റെ ആഘാത തരംഗങ്ങൾ അതിവേഗത്തിലുള്ള ജലസഞ്ചലനം സൃഷ്ടിക്കും. ഇത് സമുദ്രത്തിന്റെ തട്ടിൽ നിന്ന് മുകളിലേക്ക് ജലപ്പരപ്പിലെത്തും. അവിടെ നിന്ന് വൃത്താകൃതിയിലുള്ള തരംഗങ്ങളായി ചുററുമുള്ള തീരങ്ങളിലേക്ക് അതിവേഗം സഞ്ചരിക്കും. കരയടുക്കുമ്പോൾ സമുദ്രത്തിന്റെ ആഴം കുറയുന്നതിനാൽ തിരയ്ക്ക് ഉയരം കൂടും. ഇങ്ങനെ എത്തുന്ന വമ്പൻ തിരകളത്രെ സുനാമികൾ (tsunamis)

സുമാത്രയ്ക്ക് സമീപത്തു നിന്ന് വടക്കുപടിഞ്ഞാറ് ബംഗാൾ ഉൾക്കടലിലേക്കും തീരങ്ങളിലേക്കും വൃത്തത്തിന്റെ ഒരു ഭാഗം കുതിച്ചു. 800 കിലോമീററർ വേഗത്തിൽ! തെക്കുകിഴക്കുള്ള ആസ്ത്രേലിയൻ തീരഭാഗത്തേക്കും ഒരു ഭാഗം നീങ്ങി. ബംഗാൾ ഉൾക്കടലിന്റെ തെക്കുദിശയിലുള്ള ആന്റമാൻ നിക്കോബാർ തുരുത്തുകൾ, തെക്കുപടിഞ്ഞാറൻ തീരത്തുള്ള തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങൾ ശ്രീലങ്ക, ഇന്ത്യൻ മഹാസമുദ്രത്തിലെ മാൽഡീവ്സ്, ഡീഗോഗാർഷ്യ എന്നിവിടങ്ങളിലൊക്കെ കൂട്ടമരണം വിതച്ചുകൊണ്ട് സുനാമിത്തിരകൾ ആഞ്ഞടിച്ചു. സുമാത്രയ്ക്ക് നേരെ പടിഞ്ഞാറുള്ള സൊമാലിയ തീരം, സെയ്ഷെൽസ് ദ്വീപ് തുടങ്ങിയവയും സുനാമിക്ക് ഇരയായി. 2 ലക്ഷത്തോളം മനുഷ്യർ മരിച്ചു. പത്തുലക്ഷത്തിലേറെ പാർപ്പിടങ്ങൾ തകർന്നു. പല ദ്വീപുകളും അപ്രത്യക്ഷമായി.

ഒന്നിനുമില്ല നില - ഉന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ 2

5000 വർഷം മുമ്പ് കടൽ വലിഞ്ഞ് ഉണ്ടായതാണത്രെ നമ്മുടെ കേരള തീരം. ചരിത്രകാരന്മാർ ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഗോകർണ്ണത്തിനും കന്യാകുമാരിക്കും ഇടയിലുള്ള കുറെ ഭാഗമെങ്കിലും കടലിൽ നിന്ന് പൊന്തിവരികയുണ്ടായി.'3 ഇതിനോട് സാദൃശ്യമുള്ള ഒരു കല്പിത കഥയാണ് ( ഐതിഹ്യം) പരശുരാമൻ മഴുവെറിഞ്ഞ് ഉണ്ടായതാണ് കേരളമെന്നത്. 'ഇത് അശാസ്ത്രീയവും അസംബന്ധവുമാണെന്നതിനു സംശയമില്ല' എന്ന് ഇ.എം. എസ്. സാക്ഷ്യപ്പെടുത്തുന്നു.3 1341 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിനിടക്ക് കടൽ നീങ്ങി ഉണ്ടായതാണ് കൊച്ചിയിലെ വൈപ്പിൻ ദ്വീപ്. BC 400 ൽ തൃപ്പൂണിത്തുറ, കടൽത്തീരത്ത് ആയിരുന്നുവത്രെ.



ഫോൾഡിംഗ് (folding)




ഫാൾടിംഗ് (faulting)

എന്തിനേറെപ്പറയുന്നു, ഭൂഖണ്ഡങ്ങൾ ഇന്നുള്ള നിലയിലായിരുന്നില്ല വർഷങ്ങൾക്ക് അപ്പുറത്ത്. അവിശ്വസനീയമാംവിധം കരകൾ മാറിപ്പോയി എന്ന് ശാസ്ത്രീയമായി സ്ഥാപിച്ചിട്ടുണ്ട്.

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സുനാമികൾ പലതാണ്. 1755 നവംബർ 1 ന് പോർച്ചുഗലിലും യൂറോപ്പിന്റെ മററിടങ്ങളിലും ശക്തമായ ഒരു സുനാമി അടിച്ചപ്പോൾ 60,000 ൽ അധികം ആളുകൾ കൊല്ലപ്പെട്ടു. മറെറാന്ന് 1883 ഓഗസ്ററ് 27 ന് ഇന്തോനേഷ്യൻ ദ്വീപുകളായ ജാവയിലും സുമാത്രയിലും അടിച്ച് 36000 മനുഷ്യജീവൻ കവർന്നു. 1896 ജൂൺ 15 ന് ജപ്പാന്റെ കിഴക്കൻ തീരത്ത് 27000 ആളുകൾ കൊല്ലപ്പെട്ടു. 1976 ൽ ഫിലിപ്പീൻസിന്റെ തെക്കുപടിഞ്ഞാറൻ പ്രദേശത്ത് 8000 ജീവനെടുത്ത സുനാമിതിരകൾ എത്തിയിട്ടുണ്ട്.

ചെന്നൈ, കുടലൂർ, നാഗപട്ടണം എന്നീ തമിഴ്നാടൻ തീരങ്ങളിൽ യഥാക്രമം 200, 560, 4900 ആളുകൾ വീതം കൊല്ലപ്പെട്ടു. ഇന്ത്യയുടെ തെക്കൻ മുനമ്പായ കന്യാകുമാരിയിൽ 800 മരണങ്ങളുണ്ടായി.

വിശുദ്ധവിശ്വാസങ്ങൾ മനുഷ്യന്റെ അനുഭവസാക്ഷ്യങ്ങളാൽ രൂപപ്പെടുന്നവ മാത്രം. ആശ്വാസം പകരുന്ന വിശ്വാസങ്ങൾ നമ്മുടെ സംസ്കാരമായും മാറിയിട്ടുണ്ട്. വേളാങ്കണ്ണി പള്ളിയിൽ പ്രാർത്ഥനാനിരതരായിരുന്നവരുടെ ദുരന്തം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ആശ്രയ സങ്കല്പം അവന്റെ നാഡീസ്പന്ദമോ പ്രജ്ഞയോ സജീവമായിരിക്കുന്ന നിമിഷങ്ങളിൽ മാത്രമാണുള്ളതാണെന്നാണ്. ആന്ധ്രയിൽ പൗർണമിനാളിൽ കടലിൽ മുങ്ങിക്കുളിക്കുന്നത് കുടുംബത്തിന് നല്ലത് വരുത്തുമെന്ന പരമ്പരാഗത വിശ്വാസമുണ്ട്. അതിന് തീരത്തെത്തിയവരെ ഡിസംബർ 26 ന്റെ സുനാമി വിഴുങ്ങിയതും വിശ്വാസങ്ങൾക്ക്





*ഇത് ദുർവിധി അല്ലെങ്കിൽ മറ്റെന്ത്?*

സസൂക്ഷ്മം പഠിക്കുന്ന ശാസ്ത്രജ്ഞർക്ക് ഇതൊന്നും വേണ്ട, ഇവിടം സുരക്ഷിതമാണ് എന്ന ബോധം എങ്ങനെ ഉദിച്ചു? സൂചനാ സംവിധാനങ്ങൾ ഉണ്ടായിരുന്നെങ്കിൽ ദുരന്തം മുമ്പേ അറിയാനും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറുവാനും ജനങ്ങൾക്ക് കഴിയുമായിരുന്നു. കുറഞ്ഞ പക്ഷം ജീവഹാനി ഇത്ര പെരുകുമായിരുന്നില്ല. ഏതായാലും ഒരു പ്രതിസന്ധി ഉണ്ടായി. മേലിൽ ജാഗരൂകരായിരിക്കാൻ നാം അലംഭാവം കാട്ടിക്കൂടാ.

ദുരന്ത ബാധിത പ്രദേശങ്ങളുടെ ഉയിർത്തെഴുന്നേൽപിന് വൻതുകകൾ ആവശ്യമായിരിക്കുന്നു. അതിന് നമ്മുടെ സർക്കാരും വിദേശസർക്കാരുകളും നാട്ടിലെ സന്നദ്ധസംഘടനകളും രാഷ്ട്രീയപാർട്ടികളും വിദ്യാർത്ഥികളും ധനസമാഹരണമുൾപ്പെടെയുള്ള സഹായവുമായി ആവേശത്തോടെ രംഗത്തിറങ്ങിയിട്ടുണ്ട്. ദുരന്തമുണ്ടായപ്പോൾ ജനം പലായനം ചെയ്ത തക്കം നോക്കി തസ്കരന്മാർ 'ചോര തന്നെ കൊതുകിന്നു കൗതുകം' എന്ന മട്ടിൽ ഭീമമായി മോഷണം നടത്തിയിട്ടുണ്ട്. അതുപോലെ ബക്കററ് പിരിവും അല്ലാത്തതുമായി ഒരു വിഭാഗം ആളുകൾ തസ്കരമനോഭാവവുമായി രംഗത്തുണ്ട്. അവരെ തിരിച്ചറിയാനും പിടികൂടാനും കഴിയണം.

ഉററബന്ധുജനവിയോഗം, സ്വത്തുവേനാദി നഷ്ടം ഇത്യാദികളാൽ തീരാദുഃഖം ഏററുവാങ്ങിയ സഹജാതരെ സാന്ത്വനിപ്പിക്കാനും സന്തോഷിപ്പിക്കാനും ഏവരും രംഗത്തിറങ്ങി പ്രവർത്തിക്കേണ്ട ഘട്ടമാണിത്. ജാതിമത - ഉച്ചനീചത്വങ്ങൾ മരണത്തിന് പ്രശ്നമേ ആയിരുന്നില്ല. സഹായത്തിനും സാന്ത്വനത്തിനും ഇവ ഒന്നും വിലങ്ങുതടിയാകുവാൻ പാടില്ല.

മനുഷ്യപ്രജ്ഞയ്ക്കപ്പുറം പ്രസക്തിയില്ല എന്ന് തെളിയിക്കാൻ പോരും.

മിത്തുകൾ കടലുമായി ബന്ധപ്പെട്ട് അനേകമുണ്ട്.

പണ്ടൊരുമുക്കുവൻ മുത്തിനു് പോയി
അരയത്തിപ്പെണ്ണു പെഴച്ചുപോയി
അവനെക്കടലമ്മ കൊണ്ടുപോയി.

സദ്ധർമ്മങ്ങൾക്കും ശാന്തിക്കും സന്തോഷത്തിനും വേണ്ടിയാണ് എല്ലാ വിശ്വാസങ്ങളും. പക്ഷെ ഭൗതികമായ ഭൗമശക്തിക്ക് മുന്നിൽ അവയ്ക്കൊന്നും തൃണമൂല്യം പോലുമില്ല.

പടിഞ്ഞാറ് അറേബ്യൻ സമുദ്രം, തെക്ക് ഇന്ത്യൻ മഹാസമുദ്രം, കിഴക്ക് ബംഗാൾ ഉൾക്കടൽ എന്നീ മൂന്ന് സാഗരങ്ങളുടെ സംഗമസ്ഥാനമായ കന്യാകുമാരിയിലിരുന്ന് മഹാത്മാഗാന്ധി ആ ജലസമ്പത്തിന്റെ വിശുദ്ധിയെ പ്രകീർത്തിച്ച് എഴുതിയിട്ടുണ്ട്. കന്യാകുമാരി മുതൽ തെക്കൻ ധ്രുവപ്രദേശമായ അന്റാർട്ടിക്ക വരെ സമുദ്രം മാത്രമാണ്. ഭൂകമ്പസാദ്ധ്യത ഉള്ള പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കിടക്കുകയാണ് ഈ വിശാലസാഗരം. കടലിൽ നിന്നും മററുമുള്ള ഭൗമമായ വരുംവരായ്കകൾ പഠിക്കാൻ നമുക്ക് സർക്കാർ തലത്തിൽ ഡിപ്പാർട്ട്മെന്റും ശാസ്ത്രസംഘങ്ങളുമുണ്ട്. ഇവർക്കാർക്കും ഇത്തരം അപകടങ്ങൾ ഉണ്ടാകാനിടയുണ്ട് എന്ന് എന്തുകൊണ്ട് ചിന്തിക്കാൻ കഴിഞ്ഞില്ല? സുനാമികൾ, ഭൂചലനങ്ങൾ മുതലായ പ്രതിഭാസങ്ങളുടെ സൂചന നൽകുന്ന വാണിംഗ് ക്ളബുകൾ നിലവിലുണ്ട്. സൂചനകൾ തരുന്ന സംവേദന ഉപകരണങ്ങളിൽ നിന്നും 'റൗണ്ട് ദി ക്ളോക്ക്' സൂചനകൾ ലഭിക്കാൻ ഉപഗ്രഹബന്ധിതമായി സംവിധാനങ്ങളുമുണ്ട്. ആ വിധത്തിലൊന്ന് ഇന്ത്യൻ മഹാസമുദ്രത്തിൽ ഇല്ല തന്നെ. ഈ മഹാസാഗരത്തിന്റെ അടിയൊഴുക്കുകളെയും അന്തർചലനങ്ങളെയും

1 - എനിക്കു മരണമില്ല (വയലാർ)

2 - വീണപൂവ് (കുമാരനാശാൻ)

3 - കേരളം മലയാളികളുടെ മാതൃഭൂമി ( ഇ എം എസ്) കടപ്പാട്

Physical Geography Edited by George Kurian,
B. S. Parakh, National Council of Educational Research and Training
India Today
കലാകൗമുദി

# A note on Examination Reforms

(For Discussion)

Dr. Rajan Varughese

*Convener, AKPCTA Academic Committee*

The vast majority of students especially undergra duate students in traditional universities are enrolled in the affiliating or constituent colleges. The two main elements of the relationship between a university and an affiliating college are (a) the relation to the syllabus followed by a college and (b) the examination conducted by the university.

## Examination reforms – historical background

Sir Charles Wood dispatch of 1854, which provided the basis of university organization in India, also introduced an examination system borrowed from the Charter of the University of London. As Wood conceived it, the Indian university had two main functions: to provide a test of eligibility for government employment and to transmit an alien culture. The examination system exercised a dominant influence on the way the affiliating colleges conducted their entire teaching, learning and administrative functions. The prominent role of government in higher education resulted in an atmosphere in the colleges that emphasized civil service mentality rather than scholarly and critical activity. The insistence that students read and write in English, a language that was alien to them encouraged an existing tendency in Indian culture to learn by rote. There was very little improvement in the examination system in any university for almost a century. This is evident in the Report of the University Education Commission (1948) chaired by Dr. S.Radhákrishnan. The commission emphasized the urgent need for reforming the examination system. But the most eloquent statement about the deleterious consequences of the examination system perhaps, is to be found in the Report of the Secondary Education Commission

(1953) headed by A.G.Mudaliar. The Commission pointed out that the Indian education system is very much examination-ridden and that this determines the contents of education and the methods of teaching. In 1957, a Committee appointed by the University Grants Commission (UGC) with S.R Dongerkery as chairman, made several recommendations to improve the academic and technical aspects of examination. Following this up, the UGC invited Dr. Benjamin S. Bloom to advise the Commission on examination reform. A ten-year phased programme of examination was prepared and approved at state and central levels. The tangible outcome was the establishment of the Central Evaluation Unit in 1958. The Report of the Education commission (1964-66) called for urgent reform of the examination system in universities. It suggested examination reform on two levels:

(1) Periodical internal assessment was proposed. The scores of the periodical assessment would appear in the final statement of marks issued at the time of the publication of results. This would reduce the emphasis on the final examination as the sole determinant of success.

(2) Comprehensive reform was proposed for the evaluation techniques followed by the universities and the colleges. The reform was to be attempted nation wide.

The National Policy on Education (1968) and the New Education Policy (1986) also emphasized the need for urgent reform in this area. The UGC and the Association of Indian Universities (AIU) have sponsored a number of workshops/seminars over the year, and brought out a large body of literature identifying the drawbacks of the present system and suggesting the direction of reform.

## UGC plan of Action

The UGC made a determined effort to promote examination reform in the 1970's. It prepared the first edition of a document – Examination Reform: A Plan of Action – in 1972. It listed reasons for reforming the examination system. The reasons are relevant even today.

1. Those who teach should also examine
2. Internal assessment should examine abilities not measured in a public examination; such assessment must appear separately in the grade sheet.
3. Every college and university should maintain its own standard and be accountable for it by having its name included in the student's diploma or degree.
4. Failure in one course should not result in failure in other closely related subjects.
5. The performance of students must be assessed over well distributed intervals of time in a semester or academic year.
6. Since marks (on a scale of 0 to 100) give false impression of accuracy, a grading system (A,B,C,D) should be used to record student performance.
7. It is important not to use summative examinations at the end of a course or programme of studies as, if they are entrance examinations to govt. services or other courses of study.
8. A system of national examinations on various subjects to test creative thinking and comprehension of subject matter should be conducted by a central authority.
9. Correspondence course and open universities should offer new opportunities for those who wish to pursue higher studies.
10. The UGC should receive question paper's used by colleges and universities in their examinations and

should evaluate them to assess the standard of the respective institutions.

The UGC's plan of action did not succeed. "The recommendations of the Plan of Action were unfeasible, and given the ethos of academic life and the peculiarities of the Indian situation, these could not have been implemented" (Amrik Singh: Commonsense about Examinations; 1984). The UGC has not yet formally abandoned the Plan of Action. But the commission announced a Minimum Program of Examination Reforms in 1989.

## Syllabus / Question Paper

1. The syllabus in each paper should be demarcated into well-defined unit area of content along with a topic wise breakdown. The units may be numbered.
2. Examiners should be free to repeat questions set in a previous examination. This is necessary in order to ensure that students do not leave out important portions of the syllabus.
3. There is often a very wide choice given to students for answering questions, say five out ten. Such overall choice restricts the area of knowledge with which a student can pass on examination and is therefore undesirable. If there is a choice, it may be provided by alternative questions in each unit of the syllabus.
4. No examination should be held without fulfilling the requirements of a minimum number of lectures / tutorials / laboratory sessions etc, which should be clearly laid down by the university.
5. Examination should be conducted in a fair and impartial manner.

While the UGC continues to support examination reform attempts based on "A Plan of Action," its focus is currently on implementing the minimum program.

## Reforming the existing system

### Syllabus Reform

The UGC and AIU have been trying to impress upon universities and colleges the need to completely raise their syllabi to ensure that they have well-demarcated, well-defined units or areas and topics within each unit or area are carefully listed and described. Rewriting the syllabus to improve teaching and learning is a necessary prior step to genuine examination reform. Only a limited number of universities have acted upon the UGC direction regarding syllabus revision.

## Internal Assessment

There are four major reasons for promoting internal assessment. But it cannot be expected to entirely replace the public examination in the foreseeable future.

i. If teachers have some responsibility for evaluating their students they would have some incentive to introduce new topics, expand prescribed topics and try new teaching techniques.

ii. If students know that their teachers have the authority to help determine their final marks or grade, they would pay more attention to classroom activities and the necessity to keep up with readings.

iii. Internal assessment would enable teachers to assess and students to demonstrate many other dimensions of student learning than can be evaluated in public examination of two or three hours duration.

iv. The successful implementation of partial internal assessment can prepare the way to eventual realization of the principle that those who teach must be trusted with the responsibility to evaluate their students. This is an essential precondition for formative evaluation becoming a reality in the future.

The UGC Guidelines for Continuous Internal Evaluation (1987) list various tools for continuous internal evaluation. They include, announced and unannounced quizzes, written and oral tests, problem solving assignments, laboratory, field and practical projects, term papers, dissertation and thesis, tutorial and group discussion seminars and personality trait assessments.

## Problems of Internal Assessment

The weightage for internal assessment ranges between 10 and 60 percent marks in institutions that have introduced partial internal assessment. The number of students in undergraduate classes tends to be very large. Coordinating and assessing these students would involve on enormous increase in the teachers' workload. Therefore, they resist the introduction of internal evaluation (J. Indiresan 1983).

Students have frequently expressed fears that their teachers may not be sufficiently objective when assessing personality traits or participation in group projects and seminars.

Teachers too, tend to shy away from this reform because either they have not received sufficient training to undertake internal assessment or they do not appreciate their motive being impugned. They may not want to accept the ethical demands this form of assessment makes on them. (Jacob Aikara: 1984) In fact, majority of the universities in India are not using internal assessment as a valid and meaningful supplement to the external system or as an alternative to it.

## Question Banks

The core of examination reform lies in reforming examination questions. The intention was to create a question bank of different types – for instance essay, short answer, multiple choice – of question for each subject that would be both valid, reliable and appropriate to the abilities of the students and the unique specificities of the subject. Every teacher could and should participate in this exercise of framing question. This would give teachers not only a feeling of involvement but prompt them to explore the interconnections in several ways. Even students could be involved in this exercise.

## Grading system

The present practice in most university examinations is to measure the candidate's performance by assigning marks. In a question paper set for 100 marks, marks could range from 0 to 100; it is doubtful whether such accuracy is possible in evaluation. Subjective considerations influence marking and hence the marks given by examiners can only be regarded as raw marks rather than true marks. When assessment on a 101 point scale is replaced by a 5-9 point scale it is called grading. It is considered more reliable then marking.

There are two methods of grading – direct and indirect. In direct grading individual answers are given grades directly. In indirect grading marks are allotted in the traditional pattern and then converted into grades with the help of a conversion tables. Indirect grading takes away most of the advantages of the grading system. Direct grading which is superior requires adequate training for the teachers.

## Credit & Semester System

A semester is a self-contained unit, a stage complete in itself, in the total programme for a degree or diploma, having its own course of study and scheme of evaluation and extending over half an academic year. Semsterization involves more than dividing an annual course into two halves. While semester system would take care of the requirements of continuous, cumulative

internal evaluation at short intervals of time, the credit system would make personalized internal evaluation meaningful by providing the students a choice in the selection of his/her subjects. Credit and semester system also implies a manageable teacher student ratio for the realization of an effective system of examination.

## Improving the Bureaucracy that Conducts Public Examination

Administrative reform aimed at rooting out inefficiency and corruption at all levels – college and universities, students, teachers non-teaching staff and officers in the university – would require a number of changes in a wide variety of situations beginning with the setting of question papers to the final declaration of results. Statutory provisions for the proper conduct of examinations should be an all out effort to create an awareness in everyone concerned with examination, on the importance of evolving an efficient, fool proof system of examination, which would give a fair estimate of the student performance at a given point of time.

## Conclusion

The crisis in the area of university examination is spilling over into entrance examinations conducted by public employment agencies. Attempts at reform have failed in the past not because of lapses in the direction of reform but because there has been no consistent effort to involve the teachers and students at the grassroots level in the process of reform. Reform has often been imposed from above. Various provisions of internal evaluations, such as periodic review and effective grievance redressal are not properly utilized. The inordinate delay in announcing the university examination results and ineffective conduct of internal assessment at the college level have rendered university exams in the state ineffective.

1. Syllabi need to be revamped
2. Teachers should be trained in the administrative and evaluative dynamics of internal assessment.
3. The strength of classes needs to be determined with direct reference to the optimization of pedagogy.
4. The teaching segment, examination (final) segment, and evaluation segment, generally overlap. The teaching segment is consequently abbreviated to sub-optimum levels. This has to be streamlined so that each segment is designated the optimum time division.
5. Teachers need to be imparted the training necessary for objective administration and evaluation of internal assessment, and semester examinations.
6. The syllabi and curriculum should include directions regarding the assignments and term papers that form part of internal assessment.




എ.കെ.പി.സി.ടി.എ സംസ്ഥാന
കമ്മററി ഓഫീസിന്റെ 3-ാം നിലയുടെ
പണി ആരംഭിച്ചുകഴിഞ്ഞു. കെട്ടിടഫണ്ടിലേക്ക്
ഇനിയും തുക അടയ്ക്കാത്തവർ
(മെമ്പർ ഒന്നിന് 500 രൂപാ വീതം)
എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയുടെ
പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

AKPCTA State Committee Office, Mathurbhoomi Road, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail:akpcta@sancharnet.in,

www.foundationbooksindia.com

CAMBRIDGE UNIVERSITY PRESS

# World's Best Dictionaries

## Cambridge Advanced Learner's Dictionary

